# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3142 — 21.06.2013-ലെ മറുപടിക്ക്

## പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകൾക്ക് അനുവദിച്ചിരുന്ന പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ; ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇപ്രകാരം ഫണ്ട് വിനിയോഗിക്കാത്തത് ; വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ 2012-13 വർഷം വികസന ഫണ്ട് വിഹിതം 100% ചെലവഴിച്ച 14 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. 2012-13 വർഷത്തെ പദ്ധതി ലക്ഷ്യമായ 60% ചെലവഴിക്കാത്ത 59 ഗ്രാമ പഞ്ചായത്തുകളാണ് സംസ്ഥാനത്തുണ്ടായിരുന്നത്.<br><br>ആലപ്പുഴ ജില്ലയിൽ ആര്യാട് ഗ്രാമ പഞ്ചായത്ത് മാത്രമേ 2012-13 വർഷം വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളു. എന്നാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും 60 ശതമാനത്തിന്മേൽ ചെലവഴിച്ചിട്ടുള്ളതിനാൽ ഫണ്ട് ലാപ്സാകാതെ ക്യാരി ഓവർ ചെയ്യാവുന്നതാണ്. |
| ബി) തുക പൂർണ്ണമായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾ എന്തുകൊണ്ടാണ് ഫണ്ട് പാഴാക്കിയിട്ടുള്ളതെന്നും, ഫണ്ടുകൾ വിനിയോഗിക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്നും വിശദമാക്കുമോ ? | ബി) 60 ശതമാനമെങ്കിലും ഫണ്ട് ചെലവഴിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്കേ ഷോർട്ട് ഫാളിനത്തിൽ വരുംവർഷം ഫണ്ട് നഷ്ടപ്പെടുകയുള്ളു. പദ്ധതി പണം വിനിയോഗത്തെ സംബന്ധിച്ച് വിശകലനം ചെയ്തു ലക്ഷ്യപ്രാപ്തിക്കായുള്ള നടപടികൾ കൈക്കൊള്ളേണ്ടത് പ്രാഥമികമായി അതാത് ഗ്രാമ പഞ്ചായത്തുകൾ തന്നെയാണ്. |

സെക്ഷൻ ഓഫീസർ